# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**

**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/1773/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 12/04/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിലമേൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/1773/21 തീയ്യതി: 12/04/2022

## കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-09-2019 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-12-2021 | 21-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2021 | 21-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ജി. സജികുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അരുൺ കുമാർ. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രാജൻ. വി. ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. റജിന. എ. എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീ.എ.എം.റാഫി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രാധാകൃഷ്ണപിള്ള.ജെ | സെക്രട്ടറി | 01-04-2019 | 03-04-2019 |
| ശ്രീ.പ്രവീൺ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-04-2019 | 23-04-2019 |
| ശ്രീ.രാധാകൃഷ്ണപിള്ള.ജെ | സെക്രട്ടറി | 24-04-2019 | 31-07-2019 |
| ശ്രീ.പ്രവീൺ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2019 | 04-08-2019 |
| ശ്രീ. എം .ജയകുമാർ | സെക്രട്ടറി | 05-08-2019 | 22-10-2019 |
| ശ്രീ.മിഥുൻ കൈലാസ് | സെക്രട്ടറി | 23-10-2019 | 27-10-2019 |
| ശ്രീ.പ്രവീൺ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-10-2019 | 22-12-2019 |
| ശ്രീ.മിഥുൻ കൈലാസ് | സെക്രട്ടറി | 23-12-2019 | 25-01-2020 |
| ശ്രീ.പ്രവീൺ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-01-2020 | 06-02-2020 |
| ശ്രീ.ജോയ് മോഹൻ | സെക്രട്ടറി | 07-02-2020 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രവീൺ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിനി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-11-2019 |
| ശ്രീമതി.രാജലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.പി | ഹെഡ് മിസ്ട്രസ് | 01-04-2019 | 30-05-2019 |
| ശ്രീമതി.ഷൈല പി ജെ | ഹെഡ് മിസ്ട്രസ് | 31-05-2019 | 31-03-2020 |
| ശ്രീ.ലിജു ജോൺ | കൃഷി ഓഫീസർ | 01-04-2019 | 15-11-2019 |
| ശ്രീ.നസീം എം | കൃഷി ഓഫീസർ | 16-11-2019 | 31-03-2020 |
| ഡോ.ശശി കെ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ഉഷ.കെ.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 17-11-2019 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-11-2019 | 31-03-2020 |
| ശ്രീമതി.അഞ്ജു.പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.അഞ്ജന | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.മനോജ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.റിയാസ്.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| സിബി.ജി. | അക്രഡിറ്റഡ് എൻജിനീയർ,MGNREGS | 01-04-2019 | 13-11-2019 |
| ഷമീർ .എച്ച്.എസ് | അക്രഡിറ്റഡ് എൻജിനീയർ,MGNREGS | 14-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajan.V.D (Senior Grade Auditor, On 07-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajan.V.D (Senior Grade Auditor, On 07-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-2 |
| 3 | 2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Rajan.V.D (Senior Grade Auditor, On 07-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rajan.V.D (Senior Grade Auditor, On 06-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 06-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്-പൊരുത്തക്കേടുകൾ<br>Written By: Rajan.V.D (Senior Grade Auditor, On 07-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-4.1 |
| 7 | പദ്ധതി അവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 14-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 14-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Rajan.V.D (Senior Grade Auditor, On 08-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajan.V.D (Senior Grade Auditor, On 14-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Rajan.V.D (Senior Grade Auditor, On 14-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 14-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 1-10 |
| 13 | മാനുവൽ രസീത്-സഞ്ചയ പോസ്റ്റിംഗ് ക്രമപ്രകാരമല്ല. വരവിനത്തിൽ നഷ്ടം<br>Written By: Rajina A.S (Auditor, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-11 |
| 14 | കക്കൂസ് /ശുചിമുറി നിർമ്മാണം - ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കിയില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 07-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-12 |
| 15 | കന്നുകുട്ടിപരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 11-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-13 |
| 16 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 11-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-14 |

| | | |
|---|---|---|
| 17 | പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.<br>Written By: Arun Kumar A (Asst. Audit Officer, On 18-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-15 |
| 18 | വാടക ഈടാക്കിയിട്ടില്ല.<br>Written By: Rajina A.S (Auditor, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-16 |
| 19 | ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 23,746രൂപാ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം<br>Written By: G.Sajikumar (Audit Officer (HG), On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-17 |
| 20 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്തിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-18 |
| 21 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം ആർ എഫ്) - ഭാഗിക ബില്ല് നല്കിയിട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-19 |
| 22 | കേരളാ സ്റ്റേറ്റ് ഐടി മിഷന് അധികം തുക നല്കി<br>Written By: G.Sajikumar (Audit Officer (HG), On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-20 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Rajina A.S (Auditor, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 1-21 |
| | **ഭാഗം 2** | |
| 1 | മാനുവൽ രസീത്-സഞ്ചയ പോസ്റ്റിംഗ് ക്രമപ്രകാരമല്ല. വരവിനത്തിൽ നഷ്ടം<br>Written By: Rajina A.S (Auditor, On 19-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 18-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajan.V.D (Senior Grade Auditor, On 18-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajan.V.D (Senior Grade Auditor, On 18-12-2021) | 4-7 |

| | | |
|---|---|---|
| | Last Updated By: Rajan.V.D (Senior Grade Auditor, On 18-12-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajan.V.D (Senior Grade Auditor, On 18-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 18-12-2021)<br>Last Updated By: Naseer S (Computer Assistant, On 08-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 20-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്നഖണ്ഡികകൾ<br>Written By: Rajan.V.D (Senior Grade Auditor, On 18-12-2021)<br>Last Updated By: Naseer S (Computer Assistant, On 11-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

16-02-2019 തീയതിയിലെ 1 ( 1 ) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 15-02-2020 തീയതിയിലെ 2 ( 1 ) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 12.6.2020 | - | - |

### 1-2.1 2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

1. വസ്തുനികുതി- അരിയർ, ഡിമാൻഡ്, കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. ബി 11 Depreciation On Fixed Deposits കണക്കാക്കിയതിന്റെ ആധികാരികത ഉറപ്പാക്കാനായുള്ള രേഖകൾ ലഭ്യമാക്കിയില്ല.
3. RP 7 പ്രകാരം Financial Help For Widow’s Daughter’s Marriage 30000/-രൂപ വരവും RP 19 പ്രകാരം 30000/-രൂപ ചെലവും വാർഷികകണക്കിൽ കാണിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 210000/-രൂപ വരവും 60000/-രൂ ചെലവും കാണിച്ചിട്ടുണ്ട്.
4. Liability In Respect Of Stale Cheques ഇനത്തിലെ 2600/-രൂപ വരവ് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

5. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ MGNREGS വരവും ചെലവും വ്യത്യസ്തമാണ്. (I6 & I4(A)) കാണുക.
6. നിക്ഷേപ പ്രവൃത്തികൾക്ക് (സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ) നൽകിയ മുൻകൂർ തുകകൾ AFS ൽ ചേർത്തിട്ടില്ല. 2018-19 ലെ സി.ബി.യും 2019-20 ലെ സി.ബി.യും തമ്മിലുള്ള വ്യത്യാസത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | | 7499190 |
| വരവ് | | 54343926 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61843116 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54496282 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1071/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | . |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 198500/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 8815000 | 8815000 | 7186837 | 1628163 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 5006000 | 5006000 | 2556771 | 2449229 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 14956000 | 14956000 | 9394316 | 5561684 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 3251000 | 3251000 | 1908192 | 1342808 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied (ACR പ്രകാരം) | - | 6739661 | 6739661 | 4122449 | 2617212 | - |
| <u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ -</u> എം.ജി.എൻ.ആർ.ഇ.ജി.എസ് | 31213 | 1295543 | 1326756 | 1320174 | 6582 | - |
| ICDS | 1282983 | 654425 | 1937408 | 600000 | 1337408 | - |
| TSC | 2668786 | 16650 | 2685436 | 492629 | 2192807 | - |
| ശുചിത്വമിഷൻ | 384366 | 0 | 384366 | 368810 | 15556 | - |
| ലൈഫ് – സംസ്ഥാന വിഹിതം | 0 | 3100000 | 3100000 | 3100000 | 0 | - |

### 1-4.1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്-പൊരുത്തക്കേടുകൾ

1. ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (ജനറൽ, SCP) എന്നിവയിലെ ചെലവ് ACR പ്രകാരമുള്ള ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരം ചെലവ് | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് |
|---|---|---|
| വികസനഫണ്ട് -ജനറൽ | 6745343/- | 7186519/- |
| വികസനഫണ്ട് -എസ് സി പി | 2527359/- | 2556771/- |

2. MGNREGS, TSC, ICDS ഇനങ്ങളിലെ വരവ്-ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 32887190 | 100 | 15462913 | 0 | 72 | 58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 31213 | 1295543 | 1326756 | 1320174 | 6582 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 26499477 | 26499477 | 26499477 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 245520 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 822600 | 131 |
| വിധവാപെൻഷൻ | 5077200 | 880 |
| വാർദ്ധക്യകാലപെൻഷൻ | 7832100 | 1371 |
| വികലാംഗപെൻഷൻ | 1379900 | 249 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18000 | 3 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-12-21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,468/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

*ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

*ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

*അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

*വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

*തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ. (സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ രണ്ട് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.

*സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

*സഞ്ചയ രേഖപ്പെടുത്തലുകൾ കൃത്യമായും ദൈനംദിന പരിശോധനകൾക്ക് വിധേയമാകേണ്ടതുണ്ട്. വരവ് തുകയുടെ പോസ്റ്റിംഗിൽ (OUT DOOR COLLECTION) ഇരട്ടിപ്പ് ഉണ്ടായ സാഹചര്യം ഉണ്ട്. വിശദാംശങ്ങൾ റിപ്പോർട്ടിൽ ഉൾച്ചേർത്തിട്ടുണ്ട്.

*തൻവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള പല കെട്ടിടങ്ങളും "സഞ്ചയ" സോഫ്റ്റ് വെയറിൽ ഫോം-6-ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ വന്നിട്ടില്ല.

*ഡി.&ഒ. ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. സ്ഥാപനതൊഴിൽ നികുതി/ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ

സ്ഥാപനങ്ങളുടെ വാർഡ് തല രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിക്കുന്നില്ല.

*ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

*സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.10.2021-27.10.2021 | 2020-2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018-09.11.2018 | 2017-18 | 06.12.2018 |

**1-11 മാനുവൽ രസീത്-സഞ്ചയ പോസ്റ്റിംഗ് ക്രമപ്രകാരമല്ല. വരവിനത്തിൽ നഷ്ടം**

പഞ്ചായത്തിലെ മാനുവൽ രസീത് പരിശോധിച്ചതിൽ രസീതിലെ തുകയും സഞ്ചയയിലെ പോസ്റ്റിംഗുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം
ചുവടെ ചേർക്കുന്നു.

| Date | Manual Receipt | Ward/Door | Amount As Per Receipt | Sanchaya Posting | | | Amount As Per Sanchaya |
|---|---|---|---|---|---|---|---|
| | | | | 2019 1st Half | 2019 2st Half | Additional Entry (2019 2nd Half) | |
| 60/03/20 | 476/75 | X/708 | 1071/- | 536/- | 535/- | 1071/- | 2142/- |

476/75 മാനുവൽ രസീത് പ്രകാരം 1071/- രൂപയാണ് പിരിച്ചെടുത്തത്. എന്നാൽ 2142/-രൂപ സഞ്ചയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നു. രസീത് പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി പോസ്റ്റ് ചെയ്തതു കൂടാതെ 1071/- രൂപ സഞ്ചയയിൽ 2020-21 സാമ്പത്തിക വർഷത്തെ അഡ്വാൻസ് തുകയായി മേൽ രസീത് നമ്പർ പ്രകാരം തന്നെ പോസ്റ്റ് ചെയ്തിരിക്കുന്നതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കെട്ടിടത്തിന് നികുതി ഡിമാൻഡ് ഇല്ലാതാവുകയും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയിറിക്ക് IKM ൽ നിന്നും വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രസീത് പ്രകാരം സ്വീകരിച്ച തുകയുടെ ഇരട്ടിതുക സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്ത് തുടർ വർഷത്തേക്ക് കൂടി ഡിമാന്റ് ഇല്ലാതാക്കിയ നടപടി ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സഞ്ചയ സോഫ്റ്റ് വെയറിൽ മുൻകൂറായി ക്രഡിറ്റ് ചെയ്ത തുക ക്യാൻസൽ ചെയ്ത് 2020-21 വർഷ ഡിമാന്റ് പുനസ്ഥാപിക്കുകയോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ വീഴ്ചയുണ്ടാവാനുള്ള സാഹചര്യം ആഭ്യന്തര തലത്തിൽ കൂടുതൽ അന്വേഷണം നടത്തി കണ്ടെത്തേണ്ടതും ഓഡിറ്റിന് വിശദീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 5/15.12.2021**

**നഷ്ടം – 1071/- രൂപ**

**1-12 കക്കൂസ് /ശുചിമുറി നിർമ്മാണം - ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കിയില്ല.**

കക്കൂസുകളുടെ നിർമ്മാണം / ശുചിമുറി നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് പണി പൂർത്തിയാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് അടങ്കൽ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | നൽകിയ തുക | ലഭ്യമാക്കിയ മറുപടി യുടെ വിവരം |
|---|---|---|---|---|
| 168/19-20 ഒ.ഡി.എഫ് ആകെ അടങ്കൽ – 169400/- ആകെ ചിലവ് - 37400 | ശ്രീമതി ഷൈന, പ്ലാച്ചിയോട്, കുന്നുംപുറത്ത് വീട്, നിലമേൽ. | 14/19-20 / 22.1.20 | 3400/- | നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കുന്നതിലേക്കായി ഗുണഭോക്താവിന് അറിയിപ്പ് നൽകിയിട്ടുണ്ട്. പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണ്. |

മേൽ നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നൽകിയതുക പിഴപലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം-7/15-12-21

**1-13 കന്നുകുട്ടിപരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ.

പ്രോജക്ട് നം. – 36/19- 20

അടങ്കൽ - 900000/-രൂപ (439000/- വികസന ഫണ്ട് ജനറൽ, 11000-തനത് ഫണ്ട്, 450000 ഗുണഭോക്തൃ വിഹിതം നേരിട്ട് ചിലവഴിക്കുന്നത്).

ചെലവ് – 187500 /-രൂപ, വികസന ഫണ്ട് ജനറൽ.

ട്രഷറി ബിൽ നം. - 5, തീയതി -31.3.20
ചെലവ് – 11000/- രൂപ (തനത് ഫണ്ട്) ചെക്ക് നം- 1010777/20-3-20

ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകരായ ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് സബ്സിഡി പരിധി തീരുന്നതുവരെ കാലിത്തീറ്റ നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനായി വെറ്ററിനറി സർജൻ 198500/- രൂപ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കൊല്ലം -ന്റെ STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിവരം ആരാഞ്ഞുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ആയതിനാൽ ചിലവ് തുക 198500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക്, ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസംഒഴിവാക്കേണ്ടതാണ്.
തടസപ്പെടുത്തുന്ന തുക- 198500 /- രൂപ

ഓഡിറ്റ് അന്വേഷണം നം. 9/15-12-21

**1-14 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.**

അകണവാടികളും ശിശുമന്ദിരങ്ങളും വഴി അനുപൂരക പോഷകാഹാരവിതരണം.

പ്രോജക്ട് നം. 18/19-20
ആകെ അടകൽ - 21,00,000/- രൂപ (11,00,000/- രൂപ – വികസന ഫണ്ട്. 6,00,000 /-രൂപ കേന്ദ്രാവിഷ്കൃത ഫണ്ട്.)-
ആകെ ചിലവ് – 18,00,000/- രൂപ
2019-20 സാമ്പത്തിക വർഷത്തിൽ അകണവാടികളിലേയും, ശിശുമന്ദിരങ്ങളിലേയും, 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് വിതരണം നടത്താനായി അമൃതം ന്യൂട്രിമിക്സ് പഞ്ചശ്രീ ആക്ടിവിറ്റി ഗ്രൂപ്പ്

ചാത്തന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ന്യൂട്രി മിക്സ് സാമ്പിളുകൾ Food Testing ലാബിൽ പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലാബ് റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലെന്നും, ലഭ്യമാകുന്നമുറക്ക് ഓഡിറ്റിൽ ഹാജരാക്കാം എന്നും അറിയിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/ പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 3/10-12-21

**1-15 പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.**

പ്രോജക്ട് നം-77/19-20
ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി
ആകെ അടങ്കൽ - 436600/- രൂപ
ആകെ ചെലവ് - 436600/- രൂപ
ബിൽ നം-1/19-20 തീയതി-30.9.19 (236600)
ബിൽ നം-2/19-20 തീയതി-18-1-20 (200000)

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് 4 രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ(കൈ)നം22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം (പ്രോ നം. 77/19-20) 2019 ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെയുള്ള കാലയളവിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് 4 രൂപ തോതിൽ സബ്സിഡി നൽകി.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ക്ഷീരവികസനവകുപ്പിൽ നിന്ന് 2019 ഏപ്രിൽ മെയ് മാസങ്ങളിൽ ഒരു രൂപവീതം സബ്സിഡി ലഭിച്ചിരുന്നുവെന്നും ക്ഷീരവികസനവകുപ്പിൽ നിന്ന് സബ്സിഡി ലഭ്യമാകുന്ന മാസങ്ങളിൽ 3 രൂപ വീതവും വകുപ്പിൽ നിന്നും സബ്സിഡി ലഭ്യമാകാത്ത തുടർന്നുള്ള മാസങ്ങളിൽ 4 രൂപ വീതവും പഞ്ചായത്ത് ഫണ്ടിൽ നിന്നും സബ്സിഡി നൽകുന്ന രീതിയാണ് മുൻവർഷവും സ്വീകരിച്ചിരുന്നതെന്നും,

ക്ഷീരവകുപ്പിൽ നിന്നും വിഹിതം ലഭ്യമാക്കാത്തപക്ഷം തുടർവർഷങ്ങളിൽ 3 രൂപ വച്ച് മാത്രമേ നൽകുകയുള്ളുവെന്നും മറുപടി നൽകിയിട്ടുണ്ട്.

ക്ഷീരകർഷകർക്ക് ലിറ്ററൊന്നിന് 1 രൂപ നിരക്കിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്ന പദ്ധതി 2013-14 മുതൽ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാന ബജറ്റിൽനിന്ന് ഓരോ വർഷവും പ്രസ്തുത പദ്ധതിയ്ക്കായി വകുപ്പിന് ലഭിയ്ക്കുന്ന വിഹിതത്തിന്റെ വിനിയോഗം വകുപ്പിന്റെ തനതുപദ്ധതിയായി നടപ്പിലാക്കപ്പെടുന്നതിനാലും പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പാലിന് സബ്സിഡി പദ്ധതിയുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാലും തൻവർഷം ഏതേത് മാസങ്ങളിലേയ്ക്കാണ് വകുപ്പുതല മിൽക്ക് പ്രൊഡക്ഷൻ ഇൻസന്റീവ് അനുവദിച്ചതെന്ന് വ്യക്തമല്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് അംഗീകരിക്കുന്നില്ല. ആയതിനാൽ ക്ഷീരവികസന വകുപ്പ് നൽകുന്ന 1 രൂപ സബ്സിഡി പാലളവിന് അനുസൃതമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/17-12-21

**<u>1-16 വാടക ഈടാക്കിയിട്ടില്ല.</u>**

നിലമേൽ ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സിലെ 12-ാം നമ്പർ കടമുറി ജില്ലാ സഹകരണ ബാങ്ക് പ്രവർത്തിക്കുന്നതിനായി 5400/-രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ മാർച്ച് മാസത്തെ വാടകയായ 5400/-രൂപ ഈടാക്കിയിട്ടില്ല. വാടകക്കുടിശ്ശിക സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ നിലവിലുള്ള W.P.(C) നമ്പർ 35788/ 2019 കേസിന്റെ അന്തിമ വിധി ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക ഈടാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 4 /15.12.2021**

**<u>1-17 ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 23,746രൂപാ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം</u>**

സർക്കുലർ 59827/FM/07/ത.സ്വ.ഭ.വ. 30-10-2017 പ്രകാരം ടാർവീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി) 177/06/ ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം . 2019-20 സാമ്പത്തിക വർഷത്തിൽ ടാർ വീപ്പയുടെ വില (ജി.എസ് ടി ഉൾപ്പെടെ) കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് പണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | ടാർ വീപ്പയുടെ വില | ജിഎസ്ടി | ആകെ |
|---|---|---|---|---|
| 1 | കൈതക്കുഴി ബഗ്ളാകുന്ന് റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-500000 സംരക്ഷണ ഗ്രാൻറ്, റോഡ് )<br>ബിൽ നം-11/19-20, 08-07-2019 | 4128 | 743 | 4871 |
| 2 | വലിയവഴി-ഊന്നംപാറ മുണ്ടപ്പ്ലംമൂട് റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-500000 സംരക്ഷണ ഗ്രാൻറ്, റോഡ് )<br>ബിൽ നം-10/19-20, 08-07-2019 | 4128 | 743 | 4871 |
| 3 | കണ്ണംകോട്-വളയിടം വൈദ്യശാല റോഡ്മെയിൻറനൻസ്<br>അടങ്കൽ തുക-21,50,000 സംരക്ഷണ ഗ്രാൻറ്, റോഡ് ) | 5160 | 929 | 6089 |

| | | | | |
|---|---|---|---|---|
| | ബിൽ നം-20/19-20, 08-07-2019 | | | |
| 4 | വൈദ്യശാല വളയിടം റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-1000000 സംരക്ഷണ ഗ്രാൻറ്, റോഡ് )<br>ബിൽ നം-021/19-20, 04-07-2019 | 6708 | 1207 | 7915 |
| | ആകെ | 20,124 | 3622 | 23,746 |

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള ടി തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-18 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്തിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.**

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതുമായ തുകകളുടെ വിവരം താഴെ കൊടുക്കുന്നു

| ക്ര.നം | വർഷം | തുക |
|---|---|---|
| 1 | 2015-16 | 17,955 |
| 2 | 2016-17 | 68,040 |
| 3 | 2017-18 | 98,960 |
| 4 | 2018-19 | 64,824 |
| | ആകെ | 249779 |

2,49,779 രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**1-19 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം ആർ എഫ്) - ഭാഗിക ബില്ല് നല്കിയിട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.**

പ്രവൃത്തി - മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം ആർ എഫ്)

അടങ്കൽ തുക - 6,87,000 (ശുചിത്വമിഷൻ ഫണ്ട്)

കരാറുകാരൻ - ശ്രീ. നിസാറുദ്ദീൻ, കൈതാടികിഴക്കേക്കര പുത്തൻവീട് അലയമൺ

കരാർ - 53/AE/LSGD/Nml/18-19, 30-10-2018

ടി പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ 4,89,236/- രൂപ പ്രവൃത്തി മൂല്യം കണക്കാക്കി, 2.5% തുക റീ ടെൻഷൻ ഇനത്തിൽ കുറവ് ചെയ്ത് ചെക്ക് നം 16946, തീ. 30-03-20 പ്രകാരം നല്കി . എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് 08-12-2021 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-2) പ്രവൃത്തി സ്പിൽ ഓവറായി നടന്നുവരുകയാണെന്നും, അന്തിമബിൽ നല്കിയിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-20 കേരളാ സ്റ്റേറ്റ് ഐടി മിഷന് അധികം തുക നല്കി**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളിൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്.

1) പ്രോജക്ട്- പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങൽ (68/20)

അടങ്കൽ തുക - 59405/- (വികസന ഫണ്ട്)

പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങുന്നതിനായി ട്രഷറി ബിൽ നം 15/06-09-2019 പ്രകാരം 59405/- രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഐടി മിഷന് നല്കി. എന്നാൽ ടി സ്ഥാപനത്തിന്റെ 09-11 2019 ലെ Keltron ITP/06896/19-20 പ്രകാരം നല്കേണ്ടതുക 58,906/- രൂപായാണ്. അധികം 499/- നല്കി.

2) പ്രോജക്ട്-ഫ്രണ്ട്സ് ഓഫീസിലേയ്ക്ക് ഹൈ സ്പീഡ് സ്കാനർ വാങ്ങൽ (158/20)

അടങ്കൽ തുക - 86632/- (വികസന ഫണ്ട്)

ഫ്രണ്ട്സ് ഓഫീസിലേയ്ക്ക് ഹൈ സ്പീഡ് സ്കാനർ വാങ്ങുന്നതിനായി ട്രഷറി ബിൽ നം 14/06-09-2019 പ്രകാരം 86632/- രൂപ പിൻവലിച്ച് കേരളാ സ്റ്റേറ്റ് ഐടി മിഷന് നല്കി. എന്നാൽ ടി സ്ഥാപനത്തിൻറെ 26-11 2019 ലെ Dcno 05558/19-20 പ്രകാരം നല്കേണ്ടതുക 85904/- രൂപായാണ്. 728/- രൂപ അധികം നല്കി.

2 പ്രോജക്ടുകളിലായി കേരളാ സ്റ്റേറ്റ് ഐടി മിഷന് അധികം നല്കിയ 1227/- രൂപ തിരികെ ഈടാക്കണം. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-06, 15-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-21 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല**

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1- സ്ഥാപന തൊഴിൽ നികുതി**

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഫെഡറൽ ബാങ്ക് | II |
| 2 | ബി എസ് എൻ എൽ, നിലമേൽ | I , II |
| 3 | സപ്ലൈകോ, നിലമേൽ | I , II |
| 4 | കൈതോട് റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I |
| 5 | എച്ച്.പി.സി ഡീലർ | I , II |
| 6 | തെങ്ങുവിളയിൽ ഫിനാൻസ് | II |
| 7 | അപരാജിത ഡൈനാമിക് എനർജീസ് | I |

**2. ജീവനക്കാരുടെ തൊഴിൽ നികുതി**

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഫെഡറൽ ബാങ്ക് | II |
| 2 | എച്ച്.പി.സി ഡീലർ | II |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു, എന്നിരിക്കെ മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും പരാമർശ കാലയളവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 12/18-12-2021**

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മാനുവൽ രസീത്-സഞ്ചയ പോസ്റ്റിംഗ് ക്രമപ്രകാരമല്ല. വരവിനത്തിൽ നഷ്ടം

പഞ്ചായത്തിലെ മാനുവൽ രസീത് പരിശോധിച്ചതിൽ രസീതിലെ തുകയും സഞ്ചയയിലെ പോസ്റ്റിംഗുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Date | Manual Receipt | Ward/Door | Amount As Per Receipt | Sanchaya Posting | | | Amount As Per Sanchaya |
|---|---|---|---|---|---|---|---|
| | | | | 2019 1st Half | 2019 2st Half | Additional Entry (2019 2nd Half) | |
| 60/03/20 | 476/75 | X/708 | 1071/- | 536/- | 535/- | 1071/- | 2142/- |

476/75 മാനുവൽ രസീത് പ്രകാരം 1071/- രൂപയാണ് പിരിച്ചെടുത്തത്. എന്നാൽ 2142 /- രൂപ സഞ്ചയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നു. രസീത് പ്രകാരം 2019-20 സാമ്പത്തികവർഷത്തെ കെട്ടിട നികുതി പോസ്റ്റ് ചെയ്തു കൂടാതെ 1071/- രൂപ സഞ്ചയയിൽ 2020-21 സാമ്പത്തികവർഷത്തെ അഡ്വാൻസ് തുകയായി മേൽ രസീത് നമ്പർ പ്രകാരം തന്നെ പോസ്റ്റ് ചെയ്തിരിക്കുന്നതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കെട്ടിടത്തിന് നികുതി ഡിമാൻഡ് ഇല്ലാതാവുകയും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. മേൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ഈ അപാകത ആഭ്യന്തരനിയന്ത്രണത്തിലുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയിറിക്ക് IKM ൽ നിന്നും വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രസീത് പ്രകാരം സ്വീകരിച്ച തുകയുടെ ഇരട്ടിതുക സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്ത് തുടർ വർഷത്തേക്ക് കൂടി ഡിമാന്റ് ഇല്ലാതാക്കിയ നടപടി ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സഞ്ചയ സോഫ്റ്റ് വെയറിൽ മുൻകൂറായി ക്രഡിറ്റ് ചെയ്ത തുക ക്യാൻസൽ ചെയ്ത് 2020-21 വർഷ ഡിമാന്റ് പുനസ്ഥാപിക്കുകയോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇത്തരം വീഴ്ച ഉണ്ടാകാനുണ്ടായ സാഹചര്യം ആഭ്യന്തര തലത്തിൽ കൂടുതൽ അന്വേഷണം നടത്തി കണ്ടെത്തേണ്ടതും ഓഡിറ്റിന് വിശദീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 5/15.12.2021**

**നഷ്ടം – 1071/- രൂപ**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 08/12/2021 &09/12/2021 | കെ.എസ്.എ-കെ.എൽ.എം-പി3-1773/21<br>05.04.2022 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000/- | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് (34/19-20) | 66807/- | 133193/- |
| | | 5625000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(എസ്.സി.പി) 184/19-20 | 3600000/- | 2025000 |
| | | 200000/- | പാലിന് സബ്സിഡി 77/19-20 | 200000/- | 0 |
| | | 200000/- | അനുപൂരക പോഷകാഹാര പരിപാടി (ജനറൽ) 18/19-20 | 100000/- | 100000/- |
| | | 238000/- | ലൈഫ് ഭവനപദ്ധതി(എസ്.സി.പി) 146/19-20 | 200000/- | 38000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000/- | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് (34/19-20) | 200000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901043 | 95648/- | 0 | 95648/- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21900761 | 852040/- | 0 | 852040/- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901035 | 335631/- | 0 | 335631/- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901175 | 189919/- | 0 | 189919/- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21900964 | 69449/- | 0 | 69449/- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901217 | 4352/- | 0 | 4352/- |
| | പോസ്റ്റ് ഷിഫ്റ്റിംഗ് | 21901131 | 17000/- | 0 | 17000/- |

| | | | | | |
|---|---|---|---|---|---|
| | തോട്ടുവള്ളി കുടിവെള്ളപദ്ധതി- ഇലക്ട്രിഫിക്കേഷൻ | 21901130 | 41179/- | 0 | 41179/- |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 20,70,000/-രൂപ വരവുണ്ട്. മുൻബാക്കി 63,477/- രൂപയടക്കം 21,33,477/- രൂപയിൽ 21,33,477/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | | 72,03,477/- | 51,33,477/- | 9,04,065/- | 0 | 62,99,412/- |
| ഇ എം എസ് | | | 9,02,800/- | 9,02,800/- | | 0 |

**4-6 സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,42,415/- |
| തൻവർഷം നിക്ഷേപിച്ച തുക | 46,105/- |
| ആകെ | 5,88,520/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,88,520/- |

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | |
| 2014-15 | 2(3) | 2016-17 | അനുബന്ധം-3 | വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെട്ടു. | |
| 2015-16 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | |

| | | | | | |
|---|---|---|---|---|---|
| 2015-16 | | 2016-17 | 4-3-2(ii) | ക്യാരിബാഗ് നിർമ്മാണപദ്ധതി | |
| 2011-12 | | 2016-17 | 4.5 | ഖരമാലിന്യ സംസ്കരണ പ്ലാന്റ്-ആസൂത്രണത്തിൽ പിഴവ്. | |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1071 | | ശ്രീ. ജോയ് മോഹൻ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 198500 | ശ്രീ. മനോജ് ജി, വെറ്ററിനറി സർജൻ |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| - | - |

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മനോജ് ജി,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>വെറ്ററിനറി ഡിസ്പെൻസറി,<br>നിലമേൽ | കേദാരം,<br>വെളിനല്ലൂർ,<br>ഓയൂർ പി ഒ |
| ശ്രീ. ജോയ് മോഹൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്ത് | ബഥേൽ,<br>തൃക്കോവിൽവട്ടം, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്നഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ . കെ എൽ എം -പി 3-420/18(2), 12-03-18 | 2 |
| 2001-02 | കെ എസ് എ . കെ എൽ എം -പി 3-420/18(3), 12-03-18 | 7 |
| 2002-03 | കെ എസ് എ . കെ എൽ എം -പി 3-420/18(4), 12-03-18 | 2 |
| 2003-04 | കെ എസ് എ . കെ എൽ എം -പി 3-420/18(4), 12-03-18 | 4 |
| 2004-05 | കെ എസ് എ . കെ എൽ എം -പി 3-420/18(5), 12-03-18 | 8 |
| 2005-06 | കെ എസ് എ . കെ എൽ എം -പി 3-420/18(6), 12-03-18 | 19 |
| 2006-07 | കെ എസ് എ . കെ എൽ എം -പി 3-/816/19, 12-06-19 | 11 |
| 2007-08 | കെ എസ് എ . കെ എൽ എം -പി 3-/816(2)/19, 12-06-19 | 12 |
| 2008-09 | കെ എസ് എ . കെ എൽ എം -പി 3-/816(3)/19, 12-06-19 | 5 |
| 2009-10 | കെ എസ് എ . കെ എൽ എം -പി 3-/816(4)/19, 12-06-19 | 2 |
| 2010-11 | കെ എസ് എ . കെ എൽ എം -പി 3-/816(5)/19, 12-06-19 | 8 |
| 2011-12 | എൽ.എഫ്.ക്യു.പി6-1885/2015/, 05-06-2015 | എല്ലാ ഖണ്ഡികകളും |
| 2012-13<br>2013-14 | എൽ.എഫ്.ക്യു.പി6-1222/15, 10-08-2015 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ എസ് എ . കെ എൽ എം -പി6-1142/16, 21-7-16 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ എസ് എ . കെ എൽ എം -പി6-307/17, 13-02-17 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ എസ് എ . കെ എൽ എം -പി3-1946/17, 18-12-17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി-3/1455/18,28.9.18 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി-3/1544/19, 04.12.19 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**3**

**അനുബന്ധം 3**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്